"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - ജീവനോപാധി നഷ്ടപരിഹാരം-കരമടി വിഭാഗത്തിൽ ഉൾപ്പെട്ട ശ്രീ. പനിയടിമ, s/o വർഗ്ഗീസ് - നഷ്ടപരിഹാരം അനുവദിക്കുന്നതിന് അനുമതി നല്കി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.20/2025/F&P തീയതി,തിരുവനന്തപുരം, 18-01-2025

---

പരാമർശം:-

1. 20-07-2015 തീയതിയിലെ സ.ഉ.(സാധാ) നം. 577/2015/മ. തു. വ.
2. 01-03-2016 തീയതിയിലെ സ.ഉ. (കൈ) നം. 7/2016/മ.തു.വ
3. ശ്രീ. പനിയടിമ s/o വർഗ്ഗീസ് 11-09-2023 -ാം തീയതി ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
4. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 31-05-2024 തീയതിയിലെ VISL/135/2023-GM1(E)/156 നം. കത്ത്.
5. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 19-12-2024 തീയതിയിലെ VISL/135/2023-GM1(E)/796 നം. കത്ത്.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി പരാമർശം 1 പ്രകാരം തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി 5 അംഗ ഉപജീവനാഘാത നിർണ്ണയ സമിതി [Livelihood Impact Appraisal committee (LIAC)]യും, ടി റിപ്പോർട്ട് പരിഗണിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും (LIAC — Appeal Committee) രൂപീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിനായി LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരാമർശം 2 - പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

2 . വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് കരമടി തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നല്കുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, തെറ്റായ കാരണങ്ങൾ ചൂണ്ടിക്കാട്ടി നഷ്ടപരിഹാരം അനുവദിച്ചില്ല എന്നും അനുവദനീയമായ നഷ്ടപരിഹാരം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. പനിയടിമ s/o വർഗ്ഗീസ്, വടയാർ പുരയിടം, കോട്ടപ്പുറം

പരാമർശം 3 പ്രകാരം ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു. ടിയാൻ മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി മുൻപാകെയും നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്.

3. ജീവനോപാധി നഷ്ടപരിഹാരത്തിനായി ടിയാൻ അപേക്ഷ സമർപ്പിക്കുകയും LIAC അപ്പീൽ കമ്മറ്റിയുടെ മേൽനോട്ടത്തിൽ നടത്തിയ പരിശോധനാ നടപടികളിൽ ടിയാൻ പങ്കെടുക്കുകയും ചെയ്തിരുന്നു. വിഴിഞ്ഞം സൗത്ത് മത്സ്യ ഗ്രാമത്തിലെ കരമടിത്തൊഴിലാളികളുടെ മൂന്നാം ഘട്ട റിപ്പോർട്ടിൽ, ജീവനോപാധി നഷ്ട പരിഹാരത്തിന് അർഹരല്ലാത്തവരുടെ പട്ടികയിൽ (പട്ടിക 3) ക്രമനമ്പർ. 19 ആയി ടിയാൻ ഉൾപ്പെട്ടിരുന്നു. 'വിദേശ ജോലിയാണെന്ന് അന്വേഷണത്തിൽ അറിയുന്നു. കൂടുതൽ തെളിവുകൾ ആവശ്യമാണ്' എന്നാണ് റിപ്പോർട്ടിലെ പരാമർശം. തുടർന്ന് ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പുനഃപരിശോധിക്കുകയും വിഴിഞ്ഞം സൗത്ത് മത്സ്യഗ്രാമത്തിലെ കരമടിത്തൊഴിലാളികളുടെ നാലാം ഘട്ട റിപ്പോർട്ടിൽ, ജീവനോപാധി നഷ്ടപരിഹാരത്തിന് അർഹരല്ലാത്തവരുടെ പട്ടികയിൽ (പട്ടിക 3) ക്രമനമ്പർ. 2 ആയി ടിയാൻ ഉൾപ്പെട്ടിരുന്നു. 'ടിയാൻ വിദേശ ജോലിയായിരുന്നുവെന്നും ശേഷം കോവളത്ത് സ്വകാര്യ ഹോട്ടലിൽ ജോലിചെയ്യുന്നുവെന്നും അന്വേഷണത്തിൽ അറിയുന്നു അർഹതയില്ല' എന്നാണ് റിപ്പോർട്ടിലെ പരാമർശം. മാത്രമല്ല ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും LIAC അപ്പീൽ കമ്മറ്റി ടിയാന്റെ അപേക്ഷ വീണ്ടും പരിശോധിക്കുകയും വിഴിഞ്ഞം സൗത്ത് മത്സ്യ ഗ്രാമത്തിലെ കരമടിത്തൊഴിലാളികളുടെ അഞ്ചാം ഘട്ട റിപ്പോർട്ടിൽ, ജീവനോപാധി നഷ്ടപരിഹാരത്തിന് അർഹരല്ലാത്തവരുടെ പട്ടികയിൽ (പട്ടിക 2) ക്രമനമ്പർ. 2 ആയി ടിയാൻ ഉൾപ്പെട്ടിരുന്നു. 'പാസ്പോർട്ട് പരിശോധിച്ചതിൽ വിദേശയാത്ര നടത്തിയിട്ടില്ല, അന്വേഷണത്തിൽ പാചകത്തൊഴിലാളിയാണെന്നറിയുന്നു, പുറമ്പോക്ക് ഭൂമിയിൽ ചെറ്റക്കുടിലിൽ താമസം, കരമടിതൊഴിലാളിയല്ല' എന്നാണ് റിപ്പോർട്ടിലെ പരാമർശം എന്നും ശ്രീ. പനിയടിമ s/o വർഗ്ഗീസ്, 1997 മുതൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി വിഹിതം പിഴ സഹിതം അടച്ചിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും അംഗത്വം നൽകിയ തീയതിയായി രേഖപ്പെടുത്തിയിരിക്കുന്നത് 25-11-2015 ആണ്. ഇത് ജീവനോപാധി ആനുകൂല്യത്തിനു അനുവദിച്ചിരുന്ന തീയതിയായ 22-09-2015 ശേഷമാണ് എന്നും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പനിയടിമ, s/o വർഗ്ഗീസ്, വടയാർ പുരയിടം, കോട്ടപ്പുറം കരമടിതൊഴിലാളികളുടെ ആനുകൂല്യം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷകൾ നിരസിച്ചിട്ടുള്ളതിൽ വ്യക്തതയില്ല. ശ്രീ. പനിയടിമ s/o വർഗ്ഗീസ്, 1997 മുതൽ ക്ഷേമനിധി വിഹിതം പിഴ സഹിതം അടച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗത്വം എടുത്തിട്ടുണ്ട്. ആയതിനാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ജീവനോപാധി നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് കരമടിതൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള നഷ്ടപരിഹാരം ഒരു പ്രത്യേക കേസായി അനുവദിച്ച് ശ്രീ.പനിയടിമ, s/o വർഗ്ഗീസ്, വടയാർ പുരയിടം, കോട്ടപ്പുറം എന്നയാൾക്ക് വിതരണം ചെയ്യുന്നതിന് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് എം.ഡി ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 18-01-2025 14:31:38
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി.എസ്. ന്